എ.എം.യു.പി.എസ്
കൂട്ടിൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## കൂട്ടിൽ സ്കൂൾ

മങ്കട പഞ്ചായത്തിലെ മങ്കട - പട്ടിക്കാട് റോഡിന്റെ വശത്തായി കൂട്ടിൽ സ്ഥിതി ചെയ്യുന്ന "കൂട്ടിൽ എ.എം.യു.പി സ്കൂൾ" 1925 - ൽ മദ്രസത്തുൽ ശിറാസിയ്യ എയ്ഡഡ് മാപ്പിള സ്കൂൾ എന്ന പേരിൽ തുടങ്ങി. 1968-ൽ യു.പി. സ്കൂളാക്കി ഉയർത്തി.

കൂട്ടിൽ പ്രദേശത്തിന്റെ വിദ്യാഭ്യാസ മാതസാമൂഹിക സാംസ്കാരിക രംഗത്ത് ഉണർവ് നൽകിയതിന് പ്രചോദനവും അടിത്തറയും നൽകിയ ഈ സ്ഥാപനത്തിൽ ഇന്ന് 1 മുതൽ 7 വരെ ക്ലാസുകളിലായി 630 കുട്ടികളും 24 അധ്യാപകരും ഒരു ഓഫീസ് അറ്റന്റന്റുമുണ്ട്.

സ്കൂളിന്റെ സർവ്വതോന്മുഖമായ വികാസം മുന്നിൽ കണ്ടു അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ പരിശ്രമം കൊണ്ട് എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളിലും മറ്റു മത്സരപരീക്ഷകളിലും ഉയർന്ന സ്ഥാനം കരസ്ഥമാക്കാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നു. ശാസ്ത്രോത്സവത്തിൽ സംസ്ഥാനതല നേട്ടം കൈവരിക്കാനും ഈ സ്കുളിലെ വിദ്യാർത്ഥികൾക്കു കഴിയുന്നു. മികവിന്റെ കേന്ദ്രമാക്കി അന്തർദേശീയ നിലവാരത്തിലേക്ക് ഈ വിദ്യാലയത്തെ ഉയർത്താൻ നാം ആഗ്രഹിക്കുന്നു.

എങ്കിലും, ഒരുപാട് പരിമിതികൾ ഈ സ്ഥാപനത്തിനുണ്ട്. ശാസ്ത്ര, ഗണിത-സാമൂഹ്യശാസ്ത്ര ലാബുകൾക്ക് നിലവിലുള്ള സൗകര്യം പരിമിതമാണ്. സ്കൂൾ വായനശാല ഒന്നു കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്കൂളിനോട് ചേർന്ന കളിസ്ഥലം ഉണ്ടെങ്കിലും കായികാവശ്യങ്ങൾക്ക് വേണ്ട സൗകര്യങ്ങളോ വിവിധ ഗെയിമുകൾക്കും പരിശീലനത്തിനും ആവശ്യമായ സ്ഥലസൗകര്യമോ നിലവിലില്ല.

### ലക്ഷ്യങ്ങൾ

1 മുതൽ 7 വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും ക്ലാസിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.

കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുകയും എൽ.പി.,യു.പി തലത്തിൽ ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും ക്ലാസ് മുറിയിൽ ലഭ്യമാക്കുകയും ചെയ്യുക. ഐ.ടി. അധിഷ്ഠിത പഠനസാമഗ്രികൾ വികസിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിലും അധ്യാപകരെ പ്രാപ്തരാക്കുക.

ലഹരി മുക്ത, പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത കാമ്പസ് സൃഷ്ടിക്കുക.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.

സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവത്കരിക്കുക.

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br><br>2) <u>അമ്മ പറയട്ടെ</u> അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br><br>ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി.<br><br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | SMC<br><br>മദർ പി.ടി.എ. |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി [illegible] അവസരം ഒരുക്കൽ | കാർട്ടൂൺ [illegible] സിനിമാ പ്രദർശനം<br><br>ജിഴഹശവെ റമ്യ ജിഴഹശവെ മലൈായഹ്യ. | [illegible]<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher | S S A |

മേഖല - അക്കാദമികം [redacted]

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക [illegible] |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | ടഞഹഏ<br>ക്ലാസ് ടീച്ചർ<br>SRG ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | SMC |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

മേഖല - അക്കാദമികം [redacted]

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയ മറിഞ്ഞും ഒഴു ക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ജ൦അ | S S അ [illegible] |
| | വാർത്താവായനാ മത്സരം സംഘടി പ്പിക്കൽ | മാസത്തിൽ ഒന്ന് | ഠലമരവല്യ | Sമേളള |
| | വായനാക്യാമ്പു കൾ | 3 മാസത്തിൽ ഒന്ന് | S S അ | S S അ |
| | ബാല പ്രസിദ്ധീ കരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ഇഹമൈ ഠലമരവല്യ | S ങ ഇ |

മേഖല - അക്കാദമികം [redacted]

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക [illegible] |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# ക്ലാസ് തല അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം

ക്ലാസ് -4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| • ആഹ്ലാദപൂർണ്ണമായ വായനാനുഭവങ്ങൾ ഉറപ്പാക്കൽ.<br>• വായിച്ച രചനകളെക്കുറിച്ച് പറയാനും എഴുതാനുമുള്ള അവസരം ഒരുക്കൽ<br>• സ്വയം വായിച്ച് കണ്ടെത്തുന്നതിനുള്ള കഴിവ് വികസിപ്പിക്കൽ.<br>• വായനാനുഭവം പങ്കുവെക്കാൻ അവസരം നൽകൽ<br>• എല്ലാ കുട്ടികളുടെ വീട്ടിലും വായനാമൂല ഉറപ്പു വരുത്തൽ. | പാഠപുസ്തകം, ടീച്ചർ ടെക്സ്റ്റ് എന്നിവ പരിശോധിച്ച് കുട്ടികൾക്ക് വിവിധ സന്ദർഭങ്ങളിൽ നൽകാവുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ. ആവശ്യമായ പുതിയ പുസ്തകങ്ങൾ ലഭ്യമാക്കൽ. | മെയ് | SRG | |
| | കുട്ടികൾക്കൊരു പുസ്തക സമ്മാനം | ജൂൺ | | |
| | ക്ലാസ് ലൈബ്രറി വിപുലീകരിക്കൽ. | ജൂൺ ആദ്യവാരം | ക്ലാസ് PTA | |
| | കുട്ടികളുടെ പുസ്തകശേഖരം സംഘടിപ്പിക്കൽ. പ്രദർശനം | ജൂൺ -19 | SRG | |
| | അമ്മമാരുടെ വായന, രചനാ ശില്പശാല | ജൂലായ് | SRG | |
| | ആദ്യ പൊതു അവതരണം. വായനാക്കുറിപ്പുകൾ വായിക്കൽ. പ്രദർശനം | ആഗസ്റ്റ്, സെപ്തംബർ | SRG, PTA | |
| | എല്ലാ കുട്ടികളുടെയും രചനാ പരിചയക്കുറിപ്പുകളുടെ പ്രകാശനം | മാർച്ച് | SRG, PTA | |

| ലക്ഷ്യം | പ്രവർത്തനം | സമയക്രമം | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ് ടീച്ചർ. | |
| | വായിക്കാം എഴുതാം | | | |
| അക്ഷരത്തെറ്റില്ലാതെ എഴുതാനും വായിക്കാനുമുള്ള ശേഷി വളർത്തൽ. | ദിനപത്രത്തിലെയോ മാസികകളിലെയോ ഒരു ഖണ്ഡിക ദിവസവും നോക്കി എഴുതുന്നു. | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ് ടീച്ചർ. | |
| | കണ്ടറിയാം കേട്ടറിയാം | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ. | പാഠഭാഗവുമായ ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| | ക്ലാസ് പ്രദർശനം | | | |
| ഭാവാത്മകമായ അവതരണശേഷി നേടൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഡോക്യുമെന്ററി പ്രദർശനം. | | ക്ലാസ് ടീച്ചർ | |
| | സർഗോത്സവം | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher. | |

# ACADEMIC MASTER PLAN - 2025-26

## ENGLISH

Std - IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കുവാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരു പ്രാവശ്യം ഇംഗ്ലീഷ് അസംബ്ലി നടത്തൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്). | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതൽ. | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| സർഗാത്മകതാ പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, drama, Conversation, Story telling) | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ, | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കോർണർ | | | | |
| വായന പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ. വായനാവേള ഒരുക്കൽ. | മാസത്തിൽ ഒന്ന് | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. | വായനാ മത്സരം, രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധി കാലം. | | |

EVS Class 4

| ഉദ്ദേശ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം<br>നിരീക്ഷണം-അറിവു-നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം. | HM<br>Class Teacher | PTA |
| ശാസ്ത്ര ചുമർ<br>ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ, പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | SRG<br>Class Teacher | PTA |
| ശാസ്ത്ര മൂല<br>ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം. | SRG<br>Class Teacher | PTA |
| ശാസ്ത്ര മാസിക.<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>Class Teacher | PTA |
| ശാസ്ത്രോത്സവം<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം, ഇവയുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM<br>SRG | HM<br>PTA |

ഗണിതം class- 4

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒറിഗാമിയിലൂടെ പഠിക്കാം<br>ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ, കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം<br>പ്രദർശനം | ഉചിതമായ സമയത്ത് | SRG<br>Class Teacher | PTA |
| ഗണിതപ്പെട്ടി<br>ഗണിത പഠന പ്രവർത്തനങ്ങൾ എളുപ്പമാക്കാൻ | ഗണിതപ്പെട്ടി പഠനത്തിന് ഉപയോഗപ്പെടുത്താൻ | വർഷം മുഴുവൻ | PTA<br>HM | SSA<br>PTA<br>HM |
| ഗണിത പഠനം രസകരമാക്കൽ<br>(ചതുഷ്ക്രിയകൾ എളുപ്പമാക്കാൻ) | വിവിധതരം കളികൾ<br>ആസൂത്രണം ചെയ്യൽ,<br>നടപ്പിലാക്കൽ<br>(ഡയസ് കളി, ഏണിയും പാമ്പും)<br>സങ്കലനം- വ്യവകലനം<br>(കളിനോട്ടുകൾ, കച്ചവടക്കളി) | ആവശ്യാനുസരണം | SRG<br>Class Tr | — |
| ഗണിത ചുവർ<br>ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുവർ ഒരുക്കൽ | ആവശ്യാനുസരണം | Class Tr | — |

| | | | | |
|---|---|---|---|---|
| ഗണിത പഠനോപകരണ ശില്പശാല<br>പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം.<br>പ്രദർശനം. | ആവശ്യാനുസരണം | Class Tr | PTA |
| ഗണിതമേള<br>ഗണിത ശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠന ഉൽപന്നങ്ങളുടെ പ്രദർശനം. | വർഷത്തിലൊന്ന് | SRG<br>Class Tr | PTA |
| | | | | |

## English - VII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Follow me If you can: ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Breaking News: - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | ജൂൺ, ജൂലൈ, ആഗസ്റ്റ് ...., നവംബർ ....., ജനുവരി ....., മാർച്ച്. | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | One Man Show:- ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Learning Ladder:- പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും കണ്ടെത്തുന്നവർക്ക് സമ്മാനം നൽകുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | • Reader of the Month നെ കണ്ടെത്തുന്നു | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്ത വിശദ |
|---|---|---|---|---|
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | • My Droplets :- കുട്ടികളുടെ രചനാസൃഷ്ടി ഉൾപ്പെടുത്തി Class Magazine, Mini dictionary എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | • Alert Zone : സൂചനാ ബോർഡ്, Poster, Notice എന്നിവ സ്കൂൾ അന്തരീക്ഷത്തിലും Class ലും പ്രദർശിപ്പിക്കുന്നു | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | • Run Baby Run : Class നെ group ആക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതുന്നു. ഏറ്റവും കൂടുതലെഴുതിയവർ വിജയി | ഫെബ്രുവരി | | |
| | • Fun time :- രസകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു. | ഇംഗ്ലീഷ് പിരീഡുകളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| 4. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിക്കുന്നു. എല്ലാം ക്ലാസിന് കവിത, പ്രസംഗം തുടങ്ങിയവ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, PTA ഭാരവാഹികൾ രക്ഷിതാക്കൾ | |